**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1196** **14-03-2022 - ൽ മറുപടിയ്ക്ക്**

**കല്ല്യാശ്ശേരി-കിഫ്‌ബി പദ്ധതിയിൽ ഉൾപ്പെടുത്തിയ പാലങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | null<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കിഫ്‌ബി പദ്ധതിയിൽ ഉൾപ്പെടുത്തിയ കല്ല്യാശ്ശേരി മണ്ഡലത്തിലെ പാലങ്ങളുടെ നിർമാണവുമായി ബന്ധപ്പെട്ട തുടർ പുരോഗതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (എ) | കല്ല്യാശ്ശേരി മണ്ഡലത്തിൽ കിഫ്‌ബി ധനകാര്യ അനുമതി നൽകിയ കെ.ആർ.എഫ്.ബി മുഖേന നടപ്പിലാക്കുന്ന പാലങ്ങളുടെ നിർമ്മാണ പുരോഗതി അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| ക്രമ നം. | പ്രവൃത്തിയുടെ പേര് | കിഫ്ബിയുടെ സാമ്പത്തികാനുമതി | പ്രവൃത്തിയുടെ നിലവിലെ സ്ഥിതി |
|---|---|---|---|
| 1 | കാവിൻമുനമ്പ് പാലം | 59.99 കോടി രൂപ Order No. PWD001-53/APR-5/2021/KIIFB dated 26.02.2021 | കിഫ്ബിയുടെ ഡീറ്റൈൽഡ് അപ്രൈസൽ റിപ്പോർട്ട് പ്രകാരം അഡീഷണൽ ഇൻവെസ്റ്റി-ഗേഷൻ നടത്തുന്നതിനായുള്ള ടെൻഡർ നടപടികൾ പൂർത്തി-യായി കരാറുകാരായ ഊരാളുങ്കൽ ലേബർ കോൺട്രാക്റ്റ് കോപ്പറേറ്റീവ് സോസൈറ്റിക്ക് 02/03/2022-ന് സൈറ്റ് കൈമാറിയിട്ടുള്ളതാണ്. ഇൻവെസ്റ്റിഗേഷൻ പൂർത്തീകരിച്ച് സാങ്കേതിക അനുമതി ലഭിക്കുന്ന-തിനുവേണ്ടിയുള്ള എസ്റ്റിമേറ്റ് ടെക്നിക്കൽ കമ്മിറ്റിക്ക് മുൻപാകെ സമർപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |
| 2 | മൂലക്കീൽക്കടവ് പാലം | കിഫ്ബിയുടെ സാമ്പത്തികാനുമതി ലഭിച്ചിട്ടില്ല. | പദ്ധതിക്ക് 25 കോടി രൂപയ്ക്ക് തത്വത്തിൽ ഉള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. വിശദമായ പദ്ധതി രേഖ 02/07/2020-ൽ കിഫ്ബിയിൽ സമർപ്പിക്കുകയും ആയതിന് 15/03/2021-ൽ ടെക്നിക്കൽ അപ്രൈസൽ റിപ്പോർട്ട് കിഫ്ബി നൽകിയി-ട്ടുണ്ട്. ആയത് പ്രകാരമുള്ള പദ്ധതിയുടെ അഡീഷണൽ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പുരോഗമിക്കുന്നു. ആയത് പൂർത്തിയാകുന്ന മുറയ്ക്ക് വിശദമായ പദ്ധതി രേഖ കിഫ്ബിയിൽ സാമ്പത്തിക അനുമതിയ്ക്കായി പുനർസമർപ്പിക്കുവാൻ കഴിയും. |

| | | | |
|---|---|---|---|
| 3 | പഴയങ്ങാടി പാലം | 15.48 കോടി രൂപ<br>Order No.PWD016-38/APR-5/2021/KIIFB dated 24/02/2021 | 03/12/2021-ലെ 92-മത് ടെക്നിക്കൽ കമ്മിറ്റിയിൽ പദ്ധതി- യുടെ സാങ്കേതിക അനുമതിയ്ക്കുള്ള എസ്റ്റിമേറ്റ് സമർപ്പിച്ചു. കമ്മിറ്റിയുടെ നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള എസ്റ്റിമേറ്റ് പ്രൈസ് സോഫ്റ്റ് വെയറിൽ ലഭ്യമാക്കി എസ്റ്റിമേറ്റ് പരിശോധിച്ച് സാങ്കേതിക അനുമതി നൽകി ടെണ്ടർ നടപടികളിലേക്ക് പോകുന്നതി-നുള്ള നടപടി സ്വീകരിച്ചുവരുന്നു. |
| 4 | മാടായി - എട്ടിക്കുളം HS റോഡ് & വേങ്ങര ROB -Phase 1 | 20.84 കോടി രൂപ<br>Order No.PWD015-46/APR-2/2019/KIIFB dated 06/09/2019 | പ്രസ്തുത പ്രവൃത്തി 12.13 കോടി രൂപയ്ക്ക് കരാർ നൽകിയിട്ടുണ്ട്. കരാർ കാലാവധി 02/11/2022 വരെയാണ്. റോഡിന്റെ പ്രവൃത്തി പുരോഗമിച്ച് വരികയാണ്.<br><br>സെക്ഷൻ ഓഫീസർ |